Official Monthly Bulletin April 2018

# MARIAN



St. Mary's Indian Orthodox Cathedral
P. O. Box 834, Manama, Kingdom of Bahrain, 17252980, 17276092
stmarys@stmarybahrain.com, www.stmarybahrain.com, /smiocbh



**ദൈവകൃപയാൽ**
അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്തായും
അഖില മലങ്കര മർത്തമറിയം വനിതാസമാജം അദ്ധ്യക്ഷനുമായ
യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തയിൽ നിന്നും

കർത്താവിൽ പ്രിയരേ

വീണ്ടും ഒരു ഉയിർപ്പ് പെരുന്നാളിൽ സംബന്ധിക്കുവാൻ ദൈവം നമ്മെ ഇടയാക്കി യിരിക്കുന്നു. മനുഷ്യാവതാരമെടുത്ത് കഷ്ടതകൾ സഹിക്കുകയും ക്രൂശിൽ മരിക്കുകയും ചെയ്തത്, ആദാമിന്റെ സന്തതികളായ നമ്മെ രക്ഷിപ്പാനും, പഴയ പ്രതാപത്തിലേക്കു നമ്മെ തിരികെ എത്തിക്കാനുമായിട്ടാകുന്നു. ആദാമിനെ ഏദനിൽ നിന്നും പുറത്താക്കിയത് പാപിയായിരിക്കെ തന്നെ ജീവവൃക്ഷത്തിന്റെ ഫലം അനുഭവിക്കാതിരിക്കുവാനും ആയിരുന്നു. തന്റെ പീഡാനുഭവവും ഉയിർത്തെഴുന്നേല്പും മൂലം ജീവവൃക്ഷത്തിന്റെ ഫലം അനുഭവിപ്പാൻ നമ്മുടെ കർത്താവ് നമുക്ക് അവസരം ഒരുക്കിത്തന്നിരിക്കുന്നു. വീണ്ടും നാമായി അതു പാഴാക്കരുത്. ദു:ഖവെള്ളിയാഴ്ചത്തെ മൗനം ക്രൂശിന്റെ ഭോഷത്വമായിട്ടാണ് അന്ന് വിരോധികൾ കരുതിയിരുന്നത്. അതിനുള്ള മറുപടി മൂന്നാം ദിവസത്തെ ഒഴിഞ്ഞ കല്ലറ ആയിരുന്നു.
ഈ സത്ഗുണങ്ങളെ ഘോഷിക്കാനായിട്ടാണ് അന്ധകാരത്തിൽ നിന്ന് നമ്മെ വിളിച്ചാക്കി യിരിക്കുന്നത്. ഉയിർപ്പിന്റെ ശുശ്രൂക്ഷ അവസാനിക്കുന്ന ഗാനത്തിന്റെ അവസാന വരികൾ ഇപ്രകാരം ആകുന്നു “മശിഹായാം പൊൻപുലരി സ്തോത്രം സ്തോത്രം”.

ആ പൊൻപുലരിയുടെ പ്രകാശത്തിന്റെ മക്കൾ ആണ് നാമെന്ന് ഓർമ്മപ്പെടുത്തി-ക്കൊണ്ട്, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ കൃപകളും നൽവരങ്ങളും ആശംസിച്ചുകൊണ്ട് ചുരുക്കുന്നു.

ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ. ബലഹീനനായ നമ്മെയും പ്രാർത്ഥനയിൽ ഓർക്കുക

ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിൽ നിന്നും

യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത





# ഇടയസന്ദേശം

ഒരേ പ്രായത്തിൽ മരിച്ച രണ്ടു മഹാത്മാക്കളെ താരതമ്യം ചെയ്തൊരു കവിതയുണ്ട്. മഹാനായ അലക്സാണ്ടർ ചക്രവർത്തിയും ലോകഗുരുവായ ക്രിസ്തുവും, ചാൾസ് റോബി വീസ് ആണ് കവി. ഭാഷാന്തരം ഏതാണ്ട് ഇപ്രകാരം ആണ്. ക്രിസ്തുവും അലക്സാണ്ടറും മുപ്പത്തിമൂന്നാം വയസിൽ മരിച്ചു. ഒരുവൻ തനിക്കു വേണ്ടി, അപരൻ എനിക്കും നിനക്കും വേണ്ടി. ഗ്രീക്കുകാരൻ സിംഹാസനത്തിലും യഹൂദൻ ക്രൂശിലും. ഒരുവന്റേത് വിജയോത്സവമായി തോന്നി, അപരന്റേത് പരാജയം, ഒരുവൻ വിപ്ലവമായ സൈന്യനിരകളെ നയിച്ചു. അപരൻ ഏകനായ്. ഒരുവൻ ലോകം മുഴുവനുമുള്ളവരുടെ ചോര ചീന്തി. അപരൻ തന്റെ മാത്രം ചോരയും. ഒരുവൻ ലോകം മുഴുവനും നേടി, പക്ഷെ മരണത്തോടെ എല്ലാം നഷ്ടപ്പെട്ടു. അപരൻ ലോകം മുഴുവന്റെയും വിശ്വാസം നേടാൻ വേണ്ടി ജീവിതം നഷ്ടപ്പെടുത്തി.

ക്രിസ്തുവും അലക്സാണ്ടറും മുപ്പത്തിമൂന്നാമത്തെ വയസിൽ മരിച്ചു. ഒരുവൻ ബാബിലോണിലും, അപരൻ കാൽവറിയിലും. ഒരുവൻ സ്വയം ദൈവം ആക്കി, ദൈവമായിരുന്നവൻ സ്വയം ശൂന്യനാക്കി. ഒരുവൻ എല്ലാം തല്ലിത്തകർക്കാൻ ജീവിച്ചു. അപരൻ എല്ലാവരെയും ആശിർവദിക്കാനും. ഗ്രീക്കുകാരൻ മരിച്ചപ്പോൾ വാളു കൊണ്ടു നേടിയ സിംഹാസനം എന്നേക്കുമായി തകർന്നു വീണു. ക്രിസ്തു എന്നേക്കും രാജാക്കൻമാരുടെ രാജാവാകാൻ വേണ്ടി മരിച്ചു.

ഗ്രീക്കുകാരൻ എല്ലാവരെയും അടിമകൾ ആക്കി, യഹൂദൻ എല്ലാവരെയും സ്വതന്ത്രരാക്കി. ഒരുവൻ രക്തത്തിൽ തന്റെ സിംഹാസനം ഉറപ്പിച്ചു അപരൻ സ്നേഹത്തിലും. ഒരുവൻ ഭൂമിയിൽ ജാതനായി അപരൻ ഉന്നതങ്ങളിൽ നിന്നും വന്നു. ഒരുവൻ ലോകം മുഴുവൻ നേടി, ലോകവും സ്വർഗ്ഗവും നഷ്ടപ്പെടുത്തി. അപരൻ എല്ലാം തനിക്കു സമർപ്പിക്കപ്പെടേണ്ടതിന് സർവ്വവും പരിത്യജിച്ചു. ഗ്രീക്കുകാരൻ എന്നേക്കുമായി മരിച്ചു. യഹൂദൻ എന്നേക്കുമായി ജീവിക്കുന്നു. എല്ലാം സ്വന്തമാക്കുന്നവന് എല്ലാം നഷ്ടപെടുന്നു, എല്ലാം നഷ്ടപ്പെടുത്തുന്നവൻ എല്ലാം സ്വന്തമാക്കുന്നു.

അതേ ക്രിസ്തു ഒരു അപാരതയാണ്, ഒരിക്കലും മരിക്കാത്ത സ്നേഹം, ഒരിക്കലും മരിക്കാത്ത ജീവൻ, കളങ്കപ്പെടാത്ത ധാർമികത, അനുഭവിച്ചു തീരാത്ത ശാന്തി, ഒരിക്കലും വറ്റി പോകാത്ത ആനന്ദം, നിരാശപ്പെടുത്താത്ത പ്രത്യാശ, ഇരുളു മായ്ക്കാത്ത പ്രകാശം, ബലഹീനമാകാത്ത സന്തോഷം, മാലിന്യമാകാത്ത വിശുദ്ധി, ഊനം വരാത്ത സൗന്ദര്യം, വിഭ്രമിപ്പിക്കാത്ത വിവേകം, ശോഷിച്ച് പോകാത്ത വിഭവശേഷി, അതാണ് ക്രിസ്തു. അതത്രേ ഉയിർപ്പിന്റെ സന്ദേശം.

ഏവർക്കും അനുഗ്രഹീതമായ ഈസ്റ്റർ ആശംസകൾ

**ഫാ. ജോഷാ എബ്രഹാം**
(വികാരി)
jabrahamachen@gmail.com
Mob: 39445358

**ഫാ. ഷാജി ചാക്കോ**
(സഹവികാരി)
frshajichacko@gmail.com
Mob: 39584020





കർത്താവിൽ പ്രിയരെ,

ഉത്ഥിതനായ ക്രിസ്തുവിന്റെ നിസ്തുലനാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

കാൽവരിയിലൂടെ ലോകത്തെ ജയിച്ച യേശുക്രിസ്തുവിന്റെ ഉയിർപ്പുപെരുന്നാളിൽ ഒരിക്കൽകൂടി പങ്കാളികളാകുവാൻ നമുക്കേവർക്കും അവസരം ലഭിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്താം. യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള രാജകീയമായ പ്രവേശനവും, പീഢാനുഭവവും, ഉയിർപ്പുപെരുന്നാളും നാം സമുചിതമായി കൊണ്ടാടി. ബഹറിൻ കേരളീയസമാജത്തിൽ വെച്ച് നടന്ന ഓശാനാപ്പെരുന്നാളിലും, പെസഹാശുശ്രൂഷയിലും, ഉയിർപ്പുപെരുന്നാളിലും വന്നു സംബന്ധിച്ച ഏവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കട്ടെ. അതുപോലെ തന്നെ അൽ അഹ്‌ലി ക്ലബ്ബിൽ വെച്ച് നടന്ന ദു:ഖവെള്ളിയാഴ്ച ശുശ്രൂഷയിലും വന്ന് പങ്കെടുത്ത എല്ലാവരെയും ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ. ഇത്രയും വൻ ജനാവലി വന്നു പങ്കെടുത്ത ശുശ്രൂഷകളെല്ലാം തന്നെ അനുഗ്രഹപ്രദമായി നടത്തുവാൻ നമുക്ക് സാധിച്ചു. ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയോടുള്ള അകൈതവമായ നന്ദിയും സ്നേഹവും തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

കൃത്യമായ സമയക്രമീകരണങ്ങളോടെ എല്ലാ ശുശ്രൂഷകളും പൂർത്തീകരിക്കുവാൻ തിരുമേനിയോടൊപ്പം ചേർന്ന് പ്രവർത്തിച്ച വികാരി, അസി. വികാരി എന്നിവരോടും നന്ദി അറിയിക്കട്ടെ. ഒപ്പം ഇടവകയിലെ എല്ലാ ആദ്ധ്യാത്മിക സംഘടനകളോടും അവരുടെ സഹകരണങ്ങൾക്ക് കത്തീഡ്രലിന്റെ നന്ദി അറിയിക്കട്ടെ. വളരെ വിപുലമായ ഒരു കമ്മിറ്റി ഹാശാ ആഴ്ചയുടെ ക്രമീകരണങ്ങൾക്കായി പ്രവർത്തിച്ചു. നിസ്തുലമായ അവരുടെ പ്രവർത്തനങ്ങൾക്ക് ദൈവം തമ്പുരാൻ മുപ്പതും, അറുപതും, നൂറും മേനി ഫലം നൽകട്ടെ. ഏവരോടും ഇടവകയുടെ നന്ദിയും സ്നേഹവും ഒരിക്കൽ കൂടി അറിയിക്കട്ടെ. വളരെ അച്ചടക്കത്തോടെ ഈ ശുശ്രൂഷകളിൽ പങ്കെടുത്ത വിശ്വാസികളായ നിങ്ങൾ ഏവരോടുമുള്ള കൃതജ്ഞത അറിയിക്കട്ടെ.


നമ്മുടെ ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളുടെ വിജയമാണ് ഹാശാ ശുശ്രൂഷകൾ വിജയകരമായി ഒരു ചെറിയ അലോസരം പോലുമില്ലാതെ പൂർത്തീകരിക്കുവാൻ നമുക്ക് സാധിച്ചത്. ഇത്രയും പേരെ ഒരു കുടക്കീഴിൽ അണിനിരത്തുവാൻ നമുക്ക് കഴിയുന്നത് ദൈവം തമ്പുരാന്റെ കൃപയും, പരി. മാതാവിന്റെ മദ്ധ്യസ്ഥതയും ഒന്നു മാത്രമാണ്. നമ്മുടെ ഇടയിൽ ചിദ്രശക്തികളുടെ പ്രവർത്തനങ്ങൾ ഉണ്ടാകുവാൻ നാം അനുവദിക്കരുത്. ഈ പവിഴദ്വീപിൽ അത്ഭുതങ്ങളെ പ്രവർത്തിക്കുവാൻ ബഹറിൻ സെന്റ് മേരീസ് കത്തീഡ്രലിനു സാധിക്കുമെന്നതിൽ സംശയമില്ല. നമ്മുടെ ഐക്യം തകരാതെ മുൻപോട്ടുപോകുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ലെനി പി. മാത്യു**
(കത്തീഡ്രൽ ട്രസ്റ്റി)

**റോയ് സ്കറിയ**
(കത്തീഡ്രൽ സെക്രട്ടറി)


## പവിഴദ്വീപിലേക്ക് എഴുന്നെള്ളുന്ന അഭി: പിതാക്കന്മാർക്ക് കത്തീഡ്രലിലേക്ക് സ്വാഗതം



**H. H. Moran Mar Baselios Marthoma Paulose ||**
( Catholicose of East & Malankara Metropolitan)



**H.G. Geevarghese Mar Coorilose**
( Diocesan Metropolitan)



**H. G. Yuhanon Mar Melitius**
( Metropolitan of Thrissur Diocese)

## Holy Qurbana Schedule

| | | |
|---|---|---|
| Friday | : April 06, 13, 20, 27 | 08.00 AM |
| Saturday | : April 07, 14, 28 | 07.00 PM |
| Sunday | : April 15, 22 | 07.00 PM |
| Wednesdays | : April 04, 11, 18, 25 | 07.00 PM |

## Divya Bodhanam

| | |
|---|---|
| POCE | : Every Tuesday at 8.00 PM, Book 4 - വേദശാസ്ത്രവീഥിയിൽ |
| DOCE | : Every Monday at 8.00 PM, Book 14 - നിത്യജീവൻ |
| GOCE | : Every Monday at 8.00 PM, Book 24 - മതങ്ങളുടെ സന്ദേശം |

## Martha Mariam Vanitha Samajam

| | |
|---|---|
| Meetings | : Regular Meetings on April 05, 12, 19, 26 from 6.00 PM to 7.00 PM |

## St. Paul's Suvisheshaka Sangam

| | |
|---|---|
| Meetings | : Regular Meetings on April 08, 22 |
| Cottage Meeting / House Visit | : April 10 |
| Vigil Prayer | : April 29 |

## St. Thomas Orthodox Christian Youth Movement


| | |
|---|---|
| Meetings | : Regular Meetings on every Saturday 9.00 PM to 10.30 PM in Cathedral |
| Smruthi 2018 | : 10th year of Smruthi Arts & Sports competitions will be held from 02nd April to 03rd May |

## Sunday School

| | |
|---|---|
| Sunday School Annual Day | : April 27 Friday, At KCA Auditoriam |

| Date | Time | Area | Address/Venue |
|---|---|---|---|
| 06/04/2018 Friday | 6.00 PM | Sh. Hamad - Lulu | **Mr. Shaji Thomas**<br>Church Back Hall |
| 06/04/2018 Friday | 7.00 PM | Church South | **Mr. Babu V.V.**<br>Flat 412, Bldg 318, Road 1111, Blk 311<br>Mob: 39966180 |
| 12/04/2018 Thursday | 7.30 PM | Church North | **Mr. Sunny Thomas**<br>Theophilos Hall<br>Mob: 39144790 |
| 13/04/2018 Friday | 4.00 PM | Manama | **Mrs. Ancy James**<br>Church Back Hall<br>Mob: 38787490 |
| 13/04/2018 Friday | 4.00 PM | Sugaiyya - Zinj | **Mr. Binu George**<br>Flat 13, Bldg 990, Road 3320, Blk 333<br>Near Engineer Twr, Mob: 34397921 |
| 13/04/2018 Friday | 6.00 PM | Hoora | **Mr. George Eapen**<br>Flat 210, Zubara Plaza, C Block,<br>Road 360, Blk 318, Mob: 36063227 |
| 13/04/2018 Friday | 6.00 PM | Gudaibiya | **Mr. Joy C.**<br>Church Back Hall<br>Mob: 33001959 |
| 13/04/2018 Friday | 6.00 PM | Muharraq | **Mr. John Mathew**<br>Flat 21, Bldg 52, Road 701, Blk 207<br>Mob: 36111053 |
| 13/04/2018 Friday | 7.30 PM | American Mission | Church Back Hall<br>Mob: 38828845 |
| 21/04/2018 Saturday | 7.00 PM | Adliya - Um Al Hassam | To be announced later |
| 21/04/2018 Saturday | 6.00 PM | Salmaniya | **Mr. Aby Thompil**<br>Flat 207, Bldg 49, Road 2901, Blk 329<br>Mob: 39235635 |
| 26/04/2018 Thursday | 8.00 PM | Guful - Khamis | **Mr. Santhosh Thankachan**<br>Flat 33, Bldg 354, Road 5615, Blk 356<br>Waqf Bldg, Mob: 39206064 |
| 30/04/2018 Monday | 8.00 PM | Isa Town - Salmabad | **Mr. Vinod Daniel**<br>Flat 18, Bldg 637, Road 120, Blk 701<br>Marhaba Bldg, Tubli, Mob: 36044503 |
| | | Riffa - Sitra | To be announced later |

## Farewell



**Mr. Ponnachen Daniel (Roll# 826),** Church North Area
Kodumannathu House, Koodal, Pathanamthitta

## Felicitation



ബഹ്റൈൻ കേരളീയ സമാജം ഭരണസമിതിയിലേക്ക് മെമ്പർഷിപ്പ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കത്തീഡ്രൽ മാനേജിങ്ങ് കമ്മറ്റി അംഗം
**ശ്രീ ബിനു വേലിയിൽ**
**(Roll # 694)**



2018-ലെ O.V.B.S ന്റെ Prayer Song, Theme Song കൂടാതെ Promo Song എന്നിവയുടെ രചനയും സംവിധാനവും നിർവ്വഹിച്ച
**ശ്രീ സന്തോഷ് തങ്കച്ചൻ**
**(Roll # 568)**

*Congratulations*



## ആദരാഞ്ജലികൾ

**Mrs. Baby Cherian (76)**
W/o Mr. M. C. Cherian
Melethil Cheruvilla
Edathitta, Pathanamthitta


**EDITORIAL BOARD**

| | | |
|---|---|---|
| Chief Editor | : | Shiju K. Oommen |
| Editors | : | Geeson George, Siju George |
| Type Setting | : | Anu T. Koshy |

**KULATHINTE PADINJATTETHIL KUDUMBAYOGAM**
**KURAMPALA**

*In Loving Memory of*
*Our Beloved Appachan and Ammachi*



**Annamma Abraham** **G. Abraham (Avarachan)**
**Kuttiyil**

---

*With Loving Memories:*

**All Family Members**
**&**
**Emmanuel International Company WLL, Bahrain**

(Import, Export, Marketing & Distribution of all types of food Stuffs
and Catering packing products

*(For private circulation among cathedral members only)*